5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്കുശേഷം സാമഗ്രികൾ നൽകുന്നതാണ്.

**ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലും സുരക്ഷാ സംവിധാനങ്ങളില്ലാതെയും പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ**

195(3802) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പലതും ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലാണെന്നും, സുരക്ഷാസംവിധാനങ്ങൾ ഇല്ലാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത വില്ലേജാഫീസ് കെട്ടിടങ്ങൾ 13-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനം-റവന്യൂ വകുപ്പ് ഭൂമികളിലെ കയ്യേറ്റങ്ങൾ**

196(3803) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് വനം-റവന്യൂ വകുപ്പ് ഭൂമികളിൽ കയ്യേറ്റങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നാർ, പൂയംകുട്ടി എന്നീ സ്ഥലങ്ങളിൽ എത്ര ഹെക്ടർ വീതം വനഭ്രമിയും റവന്യൂ ഭ്രമിയും കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആയതിൽ എത്ര ഹെക്ടർ ഭ്രമി നെയ്യാർ ഡാം മേഖലയിൽതിരിച്ച പിടിച്ചിട്ടുണ്ട്; ബാക്കി എത്ര ഹെക്ടർ ഭ്രമി തിരിച്ചുപിടിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കയ്യേറ്റക്കാരിൽ കൂടുതൽ ഭ്രമി കയ്യേറിയവരുടെ പേരുൾപ്പെടെയുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത കയ്യേറ്റഭ്രമികൾ അടിയന്തരമായി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജില്ലകളിൽനിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഭ്രമിയിലുള്ള കയ്യേറ്റങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | റവന്യൂ ഭ്രമി |
|---|---|
| തിരുവനന്തപുരം | 74.9780 ഹെക്ടർ |
| കൊല്ലം | 27.6787 ഹെക്ടർ |
| പത്തനംതിട്ട | 16.4131 ഹെക്ടർ |
| കോട്ടയം | 8.8938 ഹെക്ടർ |
| ആലപ്പുഴ | 08.0609 ഹെക്ടർ |
| ഇടുക്കി | 157.9889 ഹെക്ടർ |
| എറണാകുളം | 31.6565 ഹെക്ടർ |
| തൃശ്ശൂർ | 5.6215 ഹെക്ടർ |
| പാലക്കാട് | 5.9954 ഹെക്ടർ |
| മലപ്പുറം | 5.2166 ഹെക്ടർ |
| കോഴിക്കോട് | 6.0702 ഹെക്ടർ |
| വയനാട് | 81.5332 ഹെക്ടർ |
| കണ്ണൂർ | 0.8903 ഹെക്ടർ |
| കാസർഗോഡ് | 22.8538 ഹെക്ടർ |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നാർ ചിന്നക്കനാൽ മേഖലകളിലായി 155.05 ഹെക്ടർ റവന്യൂ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) നെയ്യാർഡാം മേഖലയിൽ 2.3644 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. കയ്യേറ്റം നിർണ്ണയിക്കുന്നതിന് കള്ളിക്കാട്, വാഴിച്ചൽ വില്ലേജുകളിൽ സർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) മൂന്നാർ പ്രദേശത്തെ കയ്യേറ്റം സംബന്ധിച്ച് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലെ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച ലിസ്റ്റ് ശേഖരിച്ചുവരുന്നു.

(ഇ) കയ്യേറ്റഭൂമി തിരിച്ച് പിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ KDH വില്ലേജിൽ 1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ നിയമം), മറ്റ് വില്ലേജുകളിൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള ഒഴിപ്പിക്കൽ ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു.

**തോട്ട ഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെ നടപടി**

197(3804) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തോട്ട ഭൂമി മുറിച്ച് വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(1)(e) പ്രകാരം സീലിംഗ് പരിധിയിൽനിന്ന് ഇളവ് നൽകിയ തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകുന്ന ഭൂമി തുണ്ടുകളാക്കി വിൽപ്പനയിലൂടെയോ അല്ലാതെയോ കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ, കൈമാറ്റം ചെയ്യുന്ന ഭൂമി അങ്ങനെയുള്ള ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ അത്രയും വിസ്തീർണ്ണം ഭൂമി ആർക്കാണോ സീലിംഗ് കേസിൽ ഇളവ് അനുവദിച്ചത് ആ കക്ഷിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.